**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്-നഗരഗ്രാമാസൂത്രണ വകുപ്പ്- ഇലക്ട്രിഫിക്കേഷൻ ജോലികൾക്കുള്ള അധിക തുക - അനുമതി നൽകി ഉത്തരവാകുന്നു.

**തദ്ദേശ സ്വയംഭരണ(ഇയു)വകുപ്പ്**

**സ.ഉ(സാധ)നം.** 1025/2017/**ത.സ്വ.ഭ.വ.** **തീയതി, തിരുവനന്തപുരം.** 31/03/2017

പരാമർശം:- 1. സ.ഉ(സാധ)നം.1028/2015/തസ്വഭവ തീയതി 31/03/2015.
2. മുഖ്യനഗരാസൂത്രകന്റെ 09.12.2016 ലെ എസ്1- 3337/2016 നമ്പർ കത്ത്.

**ഉത്തരവ്**

മുഖ്യനഗരാസൂത്രകന്റെ ഓഫീസ് പ്രവർത്തിച്ച വരുന്ന ഭാഗത്തിന്റെ ഇലക്ട്രിക്കൽ ഇൻസ്റ്റലേഷൻ & കമ്മ്യൂണിക്കേഷൻ നെറ്റ് വർക്ക് ജോലികളുടെ ചെലവിനത്തിൽ വകുപ്പിന്റെ ആദ്യ പാർട്ട് ബിൽ തുകയായ 21 ലക്ഷം രൂപയിൽ ആദ്യഗഡുവായ പതിനാല്ല ലക്ഷം രൂപ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകുന്നതിന്. മുഖ്യനഗരാസൂത്രകന്റെ ഓഫീസിന്റെ ഷിഫ്റ്റിംഗ് ഇനത്തിലുള്ള ചെലവ് വഹിക്കുന്നതിന് 2217-05-001-69 എന്ന ശീർഷകത്തിൽ അനുവദിച്ച 200 ലക്ഷം രൂപയിൽ നിന്നും ചെലവിടുന്നതിന് പരാമർശം ഒന്ന് പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

സ്വരാജ് ഭവൻ കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷനുമായി ബന്ധപ്പെട്ട് ചീഫ് ടൗൺ പ്ലാനിംഗ് ഓഫീസിന്റെ കുടിശ്ശിക 28,06,385 രൂപയും, ചീഫ് ടൗൺ പ്ലാനിംഗ് (വിജിലൻസ്) ഓഫീസിന്റെ കുടിശ്ശിക 5,09,692 രൂപയും നല്കാനുള്ളതായും , 2016-17 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ 2217-05-001-69-34 (നഗരാസൂത്രണ വകുപ്പിന്റെ നവീകരണവും കമ്പ്യൂട്ടർ വൽക്കരണവും) എന്ന ശീർഷകത്തിൽ അനുവദിച്ച 50 ലക്ഷം രൂപയിൽ പേപ്പർലെസ് ഓഫീസിനായി നീക്കിവച്ചിട്ടുള്ള 15 ലക്ഷം രൂപ മാത്രമേ അവശേഷിക്കുന്നു എന്നും, ഈ സാഹചര്യത്തിൽ 2016-17 സാമ്പത്തിക വർഷത്തേക്ക് 2217-05-001-99 (മുഖ്യനഗരാസൂത്രകന്റെ ആഫീസ്) എന്ന ശീർഷകത്തിൽ (05-4) (നോൺ -പ്ലാൻ) എന്ന ഇനത്തിൽ ഇലക്ട്രിഫിക്കേഷൻ

ആവശ്യത്തിലേയ്ക്കായി 33,16,000/- രൂപ അധികമായി അനുവദിക്കണമെന്ന് പരാമർശം രണ്ട് പ്രകാരം മുഖ്യനഗരാസൂത്രകൻ ആവശ്യപ്പെട്ടു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യനഗരാസൂത്രകന്റെ ആഫീസ് ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയ്ക്കായി അധിക തുകയായ 33,16,000 രൂപ (മുപ്പത്തി മൂന്നു ലക്ഷത്തി പതിനാറായിരം രൂപ)യുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ തുക നൽകേണ്ടത് 2217-05-001-99-34 OC -Non Plan എന്ന ശീർഷകത്തിൽ നിന്നാണ്.

മുഖ്യനഗരാസൂത്രകൻ ധനപുനർ വിനിയോഗത്തിലൂടെ 2217-05-001-99-34 OC -Non Plan എന്ന ശീർഷകത്തിൽ അധിക തുക വകയിരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്. മോഹൻദാസ്**
ജോയിന്റ് സെക്രട്ടറി

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)(ഓഡിറ്റ്), കേരളം,തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ